# <u>സ്ക്കൂൾ</u> അക്കാദമിക്ക് മാസ്സ്റ്റർ പ്ലാൻ

# 2025-26

## ഓരോ  കുട്ടിയും  മികവിലേക്ക്




**സെൻറ് മേരീസ് യു പി സ്കൂൾ - വെസ്റ്റ് ചേരാനെല്ലൂർ**

**ചേരാനെല്ലൂർ**

**എറണാകുളം**

# സ്ക്കൂൾ ഫാക്കൽറ്റി



മാനേജർ
റവ.ഫാ.ഡേവീസ് മാടവന



പ്രധാന അദ്ധ്യാപിക
സി. റീനാമ്മ പി.ജെ



പി.ടി.എ പ്രസിഡൻറ്
വാൾട്ടൻ ജോസഫ് വിവേര



എം.പി.ടി.എ പ്രസിഡൻറ്
ജലജ



സി. ഷേർളി



ലീമ പോൾ



ധന്യ മേരി



ജോയ്സി ചാൾസ്



അനു മാത്യു



മേരി അൽഫീന



സിൻഡ്രല്ല ലൂയിസ്



ധന്യ മോൾ



ഷീബ



വിൽമ



പോൺസി

# ആമുഖം

പൊതു വിദ്യാലയങ്ങൾ - മികവിന്റെ കേന്ദ്രങ്ങളായി മാറുന്നു
പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമ്മുടെ പൊതു വിദ്യാലയങ്ങളെ ഗുണനിലവാരത്തിൽ മുൻപന്തിയിൽ നിർത്തുന്നതിന് ആവശ്യമായ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്യുന്നതിനാണ് ഓരോ വിദ്യാലയങ്ങളും അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. ആധുനിക വിദ്യാഭ്യാസ സാഹചര്യങ്ങൾക്ക് അനുസരിച്ച് പുതുതായി നടപ്പാക്കുന്ന വിദ്യാഭ്യാസ നയങ്ങൾക്കനുസരിച്ച് കുട്ടികളുടെ ബൗദ്ധിക മാനസിക വളർച്ചയ്ക്ക് സഹായകമാകുന്ന രീതിയിലാണ് ഈ പദ്ധതി രൂപകൽപ്പന ചെയ്തിരിക്കുന്നത്. വിദ്യാഭ്യാസം മികച്ച രീതിയിൽ മുന്നോട്ടു കൊണ്ടുപോകാനും എല്ലാ കുട്ടികൾക്കും നിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കാനും ആണ് ഈ മാസ്റ്റർ പ്ലാനിന്റെ  പ്രധാന ലക്ഷ്യം.എല്ലാ പൊതുവിദ്യാലയങ്ങളെയും മികവിന്റെ മാതൃകകളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഒരുക്കുന്ന ഈ മാസ്റ്റർ പ്ലാൻ, വിദ്യാലയത്തിന് മികച്ച വഴികാട്ടി ആകുമെന്ന്.

എല്ലാ പദ്ധതികളെയും ഉത്സാഹത്തോടെ ഏറ്റെടുക്കുന്ന സെന്റ് മേരിസ് യുപിഎസ് വെസ്റ്റ് ചേരാനല്ലൂർ, സജീവമായ പി ടി എ, എം പി ടി എ, അധ്യാപക സംഘം, രക്ഷിതാക്കൾ പൊതുസമൂഹം എന്നിവയുടെ സഹകരണത്തോടെ പുതിയ വിദ്യാഭ്യാസ വർഷത്തിലും മികവിന്റെ പാതയിൽ തുടരണം എന്ന ദൃഢപ്രതിജ്ഞയോടെയാണ് ഈ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്. വിദ്യാലയത്തെ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും കുട്ടികളുടെ സമഗ്ര പുരോഗതിക്കുമായി ആസൂത്രണം ചെയ്തിരിക്കുന്ന ഈ അക്കാദമിക  മാസ്റ്റർ പ്ലാൻ അതിന്റെ ഉദ്ദേശ്യങ്ങൾ നേടിയെടുക്കുമെന്ന് ഉറപ്പോടെയും അഭിമാനത്തോടെയും സമർപ്പിക്കുന്നു

സ്കൂൾ മാനേജർ
പിടിഎ പ്രസിഡന്റ്
ഹെഡ്മിസ്ട്രസ്
എം പി ടി എ പ്രസിഡന്റ്

## സെൻറ് മേരീസ് യു പി സ്കൂൾ - വെസ്റ്റ് ചേരാനെല്ലൂർ

സെൻറ് മേരീസ് യുപിഎസ് വെസ്റ്റ് ചേരാനെല്ലൂർ 1976 ൽ സ്ഥാപിതമായ ഇത് പ്രൈവറ്റ് എയ്ഡഡ് ആണ് കൈകാര്യം ചെയ്യുന്നത്. ഗ്രാമപ്രദേശത്താണ് സ്ഥിതി ചെയ്യുന്നത്. കേരളത്തിലെ എറണാകുളം ജില്ലയിലെ എറണാകുളം ബ്ലോക്കിലാണ് സ്ഥിതി ചെയ്യുന്നത്. 1 മുതൽ 7 വരെയുള്ള ഗ്രേഡുകൾ ഈ സ്കൂളിൽ ഉൾപ്പെടുന്നു. സ്കൂൾ സഹ-വിദ്യാഭ്യാസപരമാണ്, കൂടാതെ ഒരു പ്രീ-പ്രൈമറി വിഭാഗവും ഇതിനോടൊപ്പമുണ്ട്. ഈ സ്കൂളിലെ പഠന മാധ്യമം മലയാളമാണ്. ഏത് കാലാവസ്ഥയിലും റോഡുകളിൽ എത്തിച്ചേരാവുന്ന രീതിയിലാണ് ഈ സ്കൂളിന്റെ പ്രവർത്തനം. സ്കൂളിന് സ്വകാര്യ കെട്ടിടമുണ്ട്. പഠന ആവശ്യങ്ങൾക്കായി 9 ക്ലാസ് മുറികളുണ്ട്. എല്ലാ ക്ലാസ് മുറികളും നല്ല നിലയിലാണ്. അനധ്യാപക പ്രവർത്തനങ്ങൾക്കായി 2 മുറി കൂടിയുണ്ട് പ്രധാനാധ്യാപകനും അധ്യാപകനും വേണ്ടി പ്രത്യേക മുറിയുണ്ട്. സ്കൂളിന് പക്ക അതിർത്തി മതിലുണ്ട്. സ്കൂളിന് വൈദ്യുതി കണക്ഷനുമുണ്ട്. സ്കൂളിലെ കുടിവെള്ള സ്രോതസ്സ് ശുദ്ധീകരിച്ച ടാപ്പ് വെള്ളമാണ്, അത് പ്രവർത്തനക്ഷമമാണ്. സ്കൂളിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കുംവേണ്ടി 12 ശുചിമുറികളുണ്ട്, അത് പ്രവർത്തനക്ഷമമാണ്. സ്കൂളിന് ഒരു അതിവിശാലമായ കളിസ്ഥലമുണ്ട്. സ്കൂളിന് ഒരു ലൈബ്രറിയുണ്ട്, ലൈബ്രറിയിൽ 2842 പുസ്തകങ്ങളുണ്ട്. പഠനത്തിനുമായി സ്കൂളിൽ 3 കമ്പ്യൂട്ടറുകളുണ്ട്, എല്ലാം പ്രവർത്തനക്ഷമമാണ്. സ്കൂളിൽ ഒരു കമ്പ്യൂട്ടർ സഹായത്തോടെയുള്ള പഠന ലാബും ഉണ്ട്. ഉച്ചഭക്ഷണം നൽകുന്നതിനായി സൗകര്യം ഒരുക്കിയിട്ടുണ്ട്.

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിൻ്റ് പേര് | - | സെൻ്റ് മേരീസ് യു.പി.എസ് ,വെസ്റ്റ് ചേരാനെല്ലൂർ |
| മേൽവിലാസം | - | ഡി.എസ്.ജെ കോൺവെൻ്റ് റോഡ്<br>വെസ്റ്റ് ചേരാനെല്ലൂർ<br>എറണാകുളം |
| ഫോൺ | - | 8921294056 |
| സ്കൂൾ കോഡ് | - | 26247 |
| വിദ്യാഭ്യാസ ഉപജില്ല | - | എറണാകുളം |
| വിദ്യാഭ്യാസ ജില്ല | - | എറണാകുളം |
| റവന്യൂ ജില്ല | - | എറണാകുളം |
| യു ആർ സി | - | ഇടപ്പള്ളി |
| ഗ്രാമപഞ്ചായത്ത് | - | ചേരാനെല്ലൂർ |
| ബ്ലോക്ക് പഞ്ചായത്ത് | - | ഇടപ്പള്ളി |
| ജില്ലാ പഞ്ചായത്ത് | - | എറണാകുളം |
| നിയമസഭാ മണ്ഡലം | - | എറണാകുളം |
| താലൂക്ക് | - | കണയന്നൂർ |
| വില്ലേജ് | - | ചേരാനെല്ലൂർ |
| ഇ-മെയിൽ ഐഡി | - | hmsmupschr@gmail.com |
| Youtube | - | St. Marys Kids |

## പൊതുലക്ഷ്യങ്ങൾ

1. സ്കൂളിലെത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
2. എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് എഴുതാനും വായിക്കാനും ഉള്ള കഴിവ് ഉറപ്പുവരുത്തുക.
3. ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കുക.
4. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ഒരുക്കുക.
5. ആധുനിക സാങ്കേതികവിദ്യ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ് മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.
6. ഓരോ കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി രക്ഷിതാക്കളെ അറിയിക്കും.
7. വിദ്യാലയം ഒരു പാഠപുസ്തകം എന്ന ആശയം മുൻനിർത്തി അറിവ് നിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരം മാറും.
8. ആധുനികവൽക്കരിച്ച സയൻസ് ലാബ് കമ്പ്യൂട്ടർ ലാബ് തുടങ്ങിയവ
9. ആശയ പ്രകടന ശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ രീതിയിൽ വിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.
10. ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റും.
11. മാലിന്യ മുക്ത വിദ്യാലയം ഹരിത പെരുമാറ്റ ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം ശുചിത്വം വേസ്റ്റ് മാനേജ്മെന്റ് മലിനജല നിർമാർജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.
12. ജൈവ പച്ചക്കറിത്തോട്ടം, ജൈവവൈവിധ്യ ഉദ്യാനം, എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർഥി സംഘങ്ങൾ രൂപീകരിക്കൽ.

## അക്കാദമിക ഭൗതിക നേട്ടങ്ങൾ

1. അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന അധ്യാപക സമൂഹം.
2. ആധുനിക രീതിയിൽ നവീകരിച്ച ശിശു സൗഹൃദമായ കെട്ടിട സമുച്ചയം.
3. മികച്ച ലൈബ്രറി ലാബ്, കമ്പ്യൂട്ടർ പഠന സൗകര്യം.
4. ഓരോ കുട്ടിയും ഒന്നാമനാണ് പദ്ധതി കുട്ടികളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീലനം ലഭ്യമാക്കുന്നു.
5. കലാപഠനം  പ്രവർത്തി പരിചയ പഠനം,കായിക പഠനം, യോഗ , സംഗീതം എന്നിവയ്ക്ക് പ്രത്യേക പരിശീലനം.
6. പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം.
7. പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്കുള്ള വ്യക്തിഗത സപ്പോർട്ട്.
8. പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു.
9. കാർഷിക പ്രവർത്തികൾ ജൈവവൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രദാനം ചെയ്യൽ.
10. ആകർഷകമായ പൂന്തോട്ടം, വിശാലമായ കളിസ്ഥലം.
11. ജൈവ പച്ചക്കറി തോട്ടത്തിന് സംസ്ഥാനം, ജില്ലാ, പഞ്ചായത്ത് അവാർഡുകൾ.
12. ഏറ്റവും മികച്ച സ്കൂളിനുള്ള അവാർഡുകൾ.
13. ഏറ്റവും മികച്ച ജൈവ പച്ചക്കറി തോട്ടം  പ്രവർത്തക അവാർഡുകൾ
14. ഏറ്റവും മികച്ച പരിസ്ഥിതി പ്രവർത്തക അവാർഡ്.
15. മികച്ച അധ്യാപകർക്കുള്ള അവാർഡ്.

## ലക്ഷ്യങ്ങൾ

### ഭാഷാ

1. എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമ ശേഷി നേടിയെന്നുറപ്പുവരുത്തുക.
3. സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
4. ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
5. ഭാഷാ ശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാഭ്യാസ സാധ്യതകളെ പ്രയോജനപ്പെടുത്തുക.
6. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.
7. മികച്ച വായനാശീലം വളർത്തുക.

### ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം എടുക്കുക.
3. സ്വതന്ത്ര വായനയ്ക്ക്.
4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
6. ആശയ അവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാശേഷികൾ നേടാൻ സചിത്ര നോട്ടുബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക.
7. ക്ലാസ് തല വായനാ മൂല സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.
8. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമാണ വർക്ക് ഷോപ്പുകൾ ആസൂത്രണം ചെയ്യുക.

**സാമൂഹികാവബോധം**

1. ജനാധിപത്യ വേദികൾ ഒരുക്കുക.
2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.
4. ദിനാചരണങ്ങൾ ബോധവൽക്കരണ പരിപാടികൾ ചർച്ചകൾ സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ.

**ഗണിതം**

1. അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
4. ആധുനിക സാങ്കേതിക വിദ്യാസാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
5. ഗണിത ചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.

**പരിസര പഠനം**

1. ശാസ്ത്ര പഠനത്തിൽ താല്പര്യമുളത്തുക. ശാസ്ത്രബോധം ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്ത് മാക്കാനുള്ള അനുഭവം ഒരുക്കുക.
3. ശാസ്ത്ര പ്രക്രിയശേഷികൾ വികസിപ്പിക്കുക ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
4. ആധുനിക സൗകര്യങ്ങളുടെ ലാബ് സജ്ജമാക്കുക.
5. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
6. ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക.

**ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ**

1. വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതിക വിദ്യയുടെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തുക.
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക.

**കലാ പരിശീലനം**

1. കുട്ടികളുടെ സർഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.
3. ഓരോ കുട്ടിയുടെയും സവിശേഷമായി കഴിവിന്റെ വികസനത്തിന് അവസരം ഒരുക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാ പഠനത്തിൽ ഉപയോഗപ്പെടുത്തുക.
5. ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലന പരിപാടികൾ ഒരുക്കുക.

**പ്രവർത്തിപരിചയം**

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക
2. പാഴ്‌വസ്തുക്കളിൽ നിന്ന് പഠനോപകരണങ്ങളോ പ്രയോജനകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയങ്ങളുമായി പ്രവർത്തി പരിചയത്തെ ബന്ധിപ്പിക്കുക.

**ആരോഗ്യ കായിക വിദ്യാഭ്യാസം**

1. എല്ലാ കുട്ടികൾക്കും കായിക ആരോഗ്യ ക്ഷമത ഉറപ്പാക്കുക.
2. ആരോഗ്യ ശീലങ്ങൾ വളർത്തുക.
3. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
4. ക്യാമ്പസിനെ മാലിന്യം മുക്തമാക്കുക.

5. ക്യാമ്പസിനെ മാലിന്യം മുക്തമാക്കുക.